# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2384

## 06-12-2018 ൽ മറുപടിക്ക്

## കിഫ്ബി

| ചോദ്യം<br>ശ്രീ. കെ.എൻ.എ ഖാദർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതികൾക്കായി നീക്കിവെക്കുന്ന പണം യഥാസമയം തന്നെ ചെലവഴിക്കുന്നുണ്ടോ; വിശദമാക്കുമോ; | കിഫ്ബി പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷക്കണക്കിൽ പ്രത്യേക തുക നീക്കി വയ്ക്കുന്ന രീതിയല്ല അവലംബിക്കുന്നത്. ഓരോ ബജറ്റിലും പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുകയും ഭരണവകുപ്പ് ചുമതലപ്പെടുത്തുന്ന പദ്ധതി നിർവ്വഹണ ഏജൻസി വിശദമായ പദ്ധതി രേഖ കിഫ്ബിയുടെ സാമ്പത്തിക അനുമതിക്കായി സമർപ്പിക്കുകയും ചെയ്യുന്നു. പദ്ധതി അവലോകന വിഭാഗത്തിന്റെ വിശദ പരിശോധനക്കു ശേഷം കിഫ്ബിയുടെ ബോർഡ് യോഗവും എക്സിക്യൂട്ടീവ് കമ്മിറ്റിയും അംഗീകരിക്കുന്നതോടെ അന്തിമ സാമ്പത്തിക അനുമതി ലഭ്യമാകുകയും തുടർന്ന് പദ്ധതിയുടെ വിവിധ നിർവ്വഹണ ഘട്ടങ്ങളിൽബന്ധപ്പെട്ട എസ്.പി.വി പ്രവൃത്തിയുമായി ബന്ധപ്പെട്ട ബില്ലുകൾ കിഫ്ബിക്ക് സമർപ്പിക്കുന്ന മുറക്ക് തുക അനുവദിക്കുകയും ചെയ്യുന്നു. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുന്ന എല്ലാപദ്ധതികളുടെയും വിശദ പദ്ധതി രേഖ അതാത് സാമ്പത്തിക വർഷം തന്നെ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്നില്ല. ആയതിനാൽ സാമ്പത്തിക വർഷക്കണക്കിൽ പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികൾക്കായി തുക അതാതു സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്നുണ്ടോ എന്ന രീതിയിൽ പദ്ധതികളെ വിലയിരുത്താൻ കഴിയില്ല. കൂടാതെ കിഫ്ബി പദ്ധതികൾ പലതും വലിയ പദ്ധതികളായതിനാൽ ഇവയുടെ നിർവ്വഹണം ഒരു സാമ്പത്തികവർഷത്തിൽ ഒതുങ്ങുന്നവയല്ല. |
| (ബി) 2016-17, 2017-18 എന്നീ വർഷങ്ങളിൽ കിഫ്ബി പദ്ധതികൾക്കായി നീക്കി വച്ച തുകയെത്രയെന്നും ഇതിലെത്ര | 2016-17 ൽ 70 പദ്ധതികൾക്കായി 28,063/- കോടി രൂപയുടെയും 2017-18 ൽ 23 പദ്ധതികൾക്കായി 26,703.15 കോടി രൂപയുടെയും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണക്രമമനുസരിച്ചാണ് ഫണ്ട് |

| | |
|---|---|
| തുക അതാത് സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | സ്വരൂപിക്കുന്നതും ചെലവഴിക്കുന്നതും. 2016-17 സാമ്പത്തികവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2017-18 ൽ 444,44,20,424/- രൂപയും 2018-19 സാമ്പത്തികവർഷത്തേക്ക് ഒക്ടോബർ 31 വരെ 473,99,39,343/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) 2016-17, 2017-18 വർഷങ്ങളിലേക്ക് കിഫ്ബി പദ്ധതികൾക്ക് നീക്കിവച്ച തുകയിൽ 2018 ഒക്ടോബർ വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | |

ജോയിന്റ് സെക്രട്ടറി